## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 471

**07.01.2014**- ലെ മറുപടിക്ക്

## സഹകരണ മേഖലയുടെ പുരോഗതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ജോസഫ് വാഴക്കൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയും കാര്യക്ഷമതയും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകാമോ;

(എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയും കാര്യക്ഷമതയും വേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ കർമ്മ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. <u>ആശ്വാസ് 2011, 2012 കുടിശ്ശിക നിവാരണ പദ്ധതി</u>

സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും, വായ്പക്കാർക്ക് കുടിശ്ശിക വായ്പകളിൽ ഇളവ് അനുവദിക്കുന്നതിനുമായി നടപ്പിലാക്കിയ ആശ്വാസ് 2011 പദ്ധതി പ്രകാരം കുടിശ്ശിക ഇനത്തിൽ 1007.05 കോടി രൂപ പിരിച്ചെടുക്കുവാനും, 73.13 കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകുന്നതിനും കഴിഞ്ഞു. ആശ്വാസ് 2012 പദ്ധതിയിൽ കുടിശ്ശിക 1995.61 കോടി രൂപ പിരിച്ചെടുക്കുകയും 53.48 കോടി രൂപയുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്തു. രണ്ട് പദ്ധതികളിലും കൂടി 3002.66 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കുകയും 126.61 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

2. <u>നിക്ഷേപ രംഗത്ത് ഉണർവ്വ്</u>

2011 നവംബർ മാസത്തിൽ നടത്തിയ നിക്ഷേപ സമാഹരണത്തിലൂടെ 4425.092 കോടി രൂപ സമാഹരിച്ചു. മുൻ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുമ്പോൾ 68409.15 കോടി രൂപ നിക്ഷേപമാണുണ്ടായിരുന്നത്. 20122013 വർഷത്തിൽ നടത്തിയ നിക്ഷേപ സമാഹരണത്തിലൂടെ 5194.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ ഈ മേഖലയിലുള്ള ആകെ നിക്ഷേപം 1,05,003.35 കോടി രൂപയാണ്.

3. <u>നിക്ഷേപങ്ങൾക്ക് സുരക്ഷ</u>

വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് 'കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം' ആവിഷ്ക്കരിച്ചു. ഈ പദ്ധതി സ്കീമിൽ അംഗമായ വായ്പാ സംഘത്തിലെ നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരണ്ടി ബോർഡ് നൽകുന്നതാണ്.

4. അശരണർക്ക് ആശ്വാസം

സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് 3% പ്രാതിനിധ്യം ഉറപ്പ് വരുത്തി.

സഹകരണ സംഘങ്ങളിലൂടെ 3 സെന്റും അതിന് മുകളിലും കൈവശ വസ്തു ഉള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ വായ്പ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

5. സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നിക്ഷേപ രംഗത്ത്

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന പൊതുജനങ്ങളിൽ നിന്നും നിക്ഷേപ സമാഹരണം നടത്തുന്നതിന് അനുമതി നൽകി പദ്ധതി നടപ്പിൽ വരുത്തി.

6.കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ

10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ 'നന്മ' സ്റ്റോറുകളിലൂടെ പൊതുവിപണിയേക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിപണി വില നിയന്ത്രിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തി 'നന്മ' പദ്ധതിയുടെ ഭാഗമായി 660 'നന്മ' സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. 67 ത്രിവേണി സൂപ്പർ മാർക്കറ്റുകളും, കൺസ്യൂമർഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 പുതിയ നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചു. കൺസ്യൂമർഫെഡ് മുഖേന നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവ കാലങ്ങളോട് അനുബന്ധിച്ച് 25,095 സഹകരണ വിപണന കേന്ദ്രങ്ങൾ നടത്തിയിട്ടുണ്ട്. 3 ഫ്ളോട്ടിംഗ് ത്രിവേണികൾ 138 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും ത്രിവേണി മിനറൽ വാട്ടർ വിപണിയിലെത്തിക്കുന്നതിനും കഴിഞ്ഞു.

7. സഹകരണം ടൂറിസം രംഗത്ത്

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ടൂറിസം വികസിപ്പിക്കുന്നതിന് 'ടൂർഫെഡ്' എന്ന അപെക്സ് സ്ഥാപനം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡിക്ക് പുറമെ ഓഹരിയും അനുവദിച്ചു.

8. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ

കേപ്പിന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ 2011-12 അദ്ധ്യയന വർഷത്തിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിച്ചു. കൂടാതെ കേപ്പിന്റെ കീഴിലുള്ള 5 എഞ്ചിനീയറിംഗ് കോളേജിൽ കേന്ദ്ര സർക്കാരിന്റെ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം' (TEQIP) അനുവദിച്ചു. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ എം.ടെക് കോഴ്സും ആരംഭിച്ചു. പരിയാരം മെഡിക്കൽ

കോളേജിൽ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെഫ്രോളജി ആന്റ് യൂറോളജിക്കൽ സയൻസ്' സ്ഥാപിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചു.

9. സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ, ജീവനക്കാർ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ, അശരണരായ സഹകാരികൾ, അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർ എന്നിവർക്ക് വിവിധ കാലയളവുകളിലായി ധനസഹായ പദ്ധതികൾ, വേതന വർദ്ധനവ്, ജോലി സംരക്ഷണം എന്നിവ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

10. പ്രസാധന രംഗത്ത് നേട്ടം

സാഹിത്യ പ്രവർത്തക സഹകരണ സംഘം കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ 600 പുസ്തകങ്ങൾ സംഘം പ്രസിദ്ധീകരിക്കുകയുണ്ടായി.

11. വിവിധ പഠന സമിതികൾ

സംസ്ഥാനത്തെ ത്രിതല വായ്പാ സംവിധാനത്തിന്റെ പ്രവർത്തനം, ഘടന, ജനറൽ മാർക്കറ്റിംഗ്, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പട്ടിക ജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ആശുപത്രി സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് സഹകരണ സംഘങ്ങൾ എന്നിവയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിവിധ പഠന സമിതികൾ രൂപീകരിച്ചു.

12. ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കം ചെയ്യുന്നതിന്

'ഉണർവ് 2012' എന്ന തീവ്രയത്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

13. ജില്ലാ സഹകരണ ബാങ്കുകൾക്ക് ലൈസൻസ്

ബാങ്കിംഗ് റഗുലേഷൻ ആക്ട് പ്രകാരം റിസർവ് ബാങ്കിന്റെ പ്രത്യേക ലൈസൻസ് ലഭിക്കേണ്ടിയിരുന്ന തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് മികച്ച ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമായി നടപ്പാക്കിയതു വഴി ലൈസൻസ് ലഭ്യമാക്കാൻ കഴിഞ്ഞത് വായ്പാ മേഖലയിൽ ഉണർവ്വുണ്ടാക്കി.

കേരള സംസ്ഥാന സഹകരണ ബാങ്ക്, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) ലെ നിയന്ത്രണത്തെ അതിജീവിക്കാൻ പര്യാപ്തമായ സാമ്പത്തിക സ്ഥിതി കൈവരിച്ചതും മികച്ച നേട്ടമാണ്.

14. കേരള റിസ്ക് ഫണ്ട് പദ്ധതി

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പാക്കി വരുന്ന 'റിസ്ക് ഫണ്ട് പദ്ധതി'യിൽ ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതി അനുസരിച്ച്, മരണപ്പെടുന്ന വായ്പക്കാരന്റെ എഴുതി തള്ളുന്ന വായ്പയുടെ പരിധി നിലവിലുള്ള ഒരു ലക്ഷത്തിൽ നിന്നും ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും, വായ്പാ കാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യം ബാധകമാക്കുകയും, പരാലിസിസ്, ക്യാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ മൂലം ശയ്യാവലം

ബരായവരുടെ വായ്പകളിൽ 75,000/ രൂപ വരെ എഴുതി തള്ളുന്നതിനും വ്യവസ്ഥ ചെയ്യുകയുണ്ടായി.

### 15. എന്റെ സംഘം/ക്യാംപെയ്ൻ

സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും സംഘത്തിലെ ഓരോ അംഗത്തെയും അവർ അംഗങ്ങളായ സംഘത്തിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളിയാക്കുന്നതിനു ഉദ്ദേശിച്ച് 'എന്റെ സംഘം' എന്ന പ്രത്യേക ക്യാംപെയ്ൻ 2012 ൽ നടപ്പിലാക്കിയിട്ടുണ്ട്.

### 16. വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു

സഹകരണ സംഘം ജീവനക്കാർ, പെൻഷൻകാർ, നിത്യനിധി പിരിവുകാർ, അപ്പെക്സർമാർ, അശരണരായ സഹകാരികൾ, സഹകരണ സംഘം ഭാരവാഹികൾ തുടങ്ങി സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ വിഭാഗത്തിന്റെയും ശമ്പളം, പെൻഷൻ, കമ്മീഷൻ, ഹോണറേറിയം, ബത്തകൾ എന്നീ സാമ്പത്തിക ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ചു.

### 17. സഹകരണ നിയമം സമഗ്ര ഭേദഗതി

97-ാം ഭരണ ഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1969 ലെ കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്തു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കുന്നതിനും സംഘങ്ങളുടെ സുസ്ഥിരമായ വളർച്ചയും പുരോഗതിയും ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത നിയമത്തിൽ ഭേദഗതികൾ വരുത്തിയിരിക്കുന്നത്.

### 18. സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

വർഷങ്ങളായി വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന സഹകരണ വകുപ്പിന്റെ ആസ്ഥാന ഓഫീസും അനുബന്ധ സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിന് തിരുവനന്തപുരത്ത് സർക്കാരിൽ നിന്നും ലഭിച്ച സ്ഥലത്ത് നിർമ്മിക്കുന്ന സഹകരണ സമുച്ചയത്തിന് ബഹു. മുഖ്യമന്ത്രി തറക്കല്ലിട്ടു. 18 മാസം കൊണ്ട് കെട്ടിടം പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

### 19. സഹകരണ കോൺഗ്രസും എക്സ്പോയും

സംസ്ഥാനത്ത് ഏഴാം സഹകരണ കോൺഗ്രസ് 2012 നവംബർ 13 മുതൽ 16 വരെയും, സഹകരണ മേഖലയുടെ പുരോഗതിയും, വളർച്ചയും വ്യക്തമാക്കുന്ന 'സഹകരണ എക്സ്പോ' നവംബർ 1 മുതൽ 20 വരെയും തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് നടത്തുകയുണ്ടായി. സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടുള്ള തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.

### 20. പലിശ രഹിത വായ്പാ പദ്ധതിക്ക് ഭരണാനുമതി

സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിതമായി വായ്പ നൽകുന്ന പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് 2012-13 വർഷത്തിൽ 31 കോടി രൂപയുടെ ഭരണാനുമതി നൽകി. പരമാവധി 3 ലക്ഷം വരെയുള്ള വായ്പകളാണ് ഈ പദ്ധതിയിലേക്ക് പരിഗണിക്കുന്നത്.

21. കർഷക സേവന കേന്ദ്രങ്ങൾ

കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി 'കർഷക സേവന കേന്ദ്ര' ങ്ങൾ ആരംഭിക്കുന്നതിന് 2012-13 വർഷത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിൽ 40 കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. 2013-14 വർഷത്തിൽ 20 കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

22. സഹകരണ ആഡിറ്റ്

കേരളത്തിലെ അപെക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടേയും കുടിശ്ശികയായി നിൽക്കുന്ന ആഡിറ്റ് 30.09.2013 നകം പൂർത്തിയാക്കി സഹകരണ ആഡിറ്റ് സമകാലമാക്കുന്നതിന് സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കുകയും ഭൂരിഭാഗം സഹകരണ സംഘങ്ങളുടേയും ആഡിറ്റ് കുടിശ്ശിക പൂർത്തിയാക്കി ആഡിറ്റ് കാലാനുസൃതമാക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

23. സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3.

ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം പ്രകാരം വരുത്തിയ ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1) വകുപ്പ് 2 : അസിസ്റ്റഡ് സൊസൈറ്റി, സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റ്, ചീഫ് എക്സിക്യൂട്ടീവ്, സഹകരണ തത്വങ്ങൾ, പലവക സംഘങ്ങൾ, നിർദ്ദേശിക്കപ്പെട്ട കാലാവധി എന്നിവയുടെ നിർവചനങ്ങൾ.
2) വകുപ്പ് 4 : സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വിഘാതമായതോ, സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സാദ്ധ്യതയില്ലാത്തതോ ആയ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥ.
3) വകുപ്പ് 8 : ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് പോയാൽ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ.
4) വകുപ്പ് 9 : വകുപ്പ് 9 ൽ നിലവിലുണ്ടായിരുന്ന Control എന്ന വാക്ക് ഒഴിവാക്കുന്നതിന്.
5) വകുപ്പ് 9 എ : ഒരു സംഘത്തിന്റെ പേര് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.
6) വകുപ്പ് 12 : നിർബന്ധിത ബൈലാ ഭേദഗതി ഒഴിവാക്കുന്നത്
7) വകുപ്പ് 13 എ : നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം ബൈലാ വ്യവസ്ഥകളെന്നത് സംബന്ധിച്ച്.
8) വകുപ്പ് 14 : സംഘങ്ങളുടെ സംയോജനം, ആസ്തി ബാധ്യതകളുടെ വിഭജനം, കൈമാറ്റം
9) വകുപ്പ് 14 A : സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

10) വകുപ്പ് 14 B : സഹകരണ സംഘങ്ങൾ പാർട്ടണർഷിപ്പിൽ ഏർപ്പെടുന്നത് സംബന്ധിച്ച്.

11) വകുപ്പ് 16 A : സംഘങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ നിന്നുള്ള വ്യവസ്ഥകൾ.

12) വകുപ്പ് 17 : സംഘങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായ നിലപാടോ ബൈലാ വ്യവസ്ഥകൾ പാലിക്കാതിരിക്കലോ അംഗങ്ങളുടെ പുറത്താക്കലിന് കാരണമാകുന്നതിനും പുറത്താക്കുന്ന അംഗങ്ങളുടെ ഷെയർ ഫർഫീറ്റ് ചെയ്യുന്നതിനും, പുറത്താക്കപ്പെട്ടുകഴിഞ്ഞാൽ അടുത്ത ഒരു വർഷത്തേക്ക് പുനഃപ്രവേശനം നൽകാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ.

13) വകുപ്പ് 19 A : നിർദ്ദേശിക്കപ്പെടുന്ന തരത്തിൽ കുറഞ്ഞ എണ്ണം പൊതുയോഗത്തിൽ പങ്കെടുക്കാതെയും, സംഘത്തിന്റെ മിനിമം സേവനങ്ങൾ ഉപയോഗിക്കാതെയുമുള്ളവർക്ക് അംഗങ്ങളുടെ അവകാശം വിനിയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥ.

14) വകുപ്പ് 19 ബി : അംഗങ്ങൾക്ക് വിവരങ്ങൾ ലഭിക്കാനുള്ള അവകാശം.

15) വകുപ്പ് 28: സംഘം ഭരണസമിതി കാലാവധി തിരഞ്ഞെടുപ്പ് തീയ്യതി മുതൽ 5 വർഷമാക്കുന്നതിനും, ചില പ്രത്യേക വിഭാഗത്തിലുള്ള സംഘങ്ങളുടെ ഭരണ സമിതി തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലാക്കുന്നതിനും, ഭരണ സമിതിയിലേക്ക് കോ-ഓപ്ഷൻ നടത്തുന്നത് സംബന്ധിച്ചും, താൽകാലിക ഒഴിവ് നികത്തുന്നത് സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ.

16) വകുപ്പ് 28 ബി : സംഘങ്ങളുടെ എല്ലാ തിരഞ്ഞെടുപ്പുകളും സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കി ക്കൊണ്ടും, ടി കമ്മീഷന്റെ ഘടന ചുമതല എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

17) വകുപ്പ് 29 : സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞ് 6 മാസത്തിനുള്ളിൽ പൊതുയോഗം കൂടണമെന്ന വ്യവസ്ഥയും പൊതുയോഗത്തിൽ ഉൾപ്പെടുത്തേണ്ട മറ്റ് വിഷയങ്ങൾ സംബന്ധിച്ചും, പൊതുയോഗം കൂടുന്നതിൽ ഭരണ സമിതിയുടെ ഉത്തരവാദിത്വം സംബന്ധിച്ചുള്ള വ്യവസ്ഥ കൾ

18) വകുപ്പ് 31 : അപ്പെക്സ്, സെൻട്രൽ സംഘങ്ങളിലെ ഭരണ സമിതിയിലേക്കുള്ള സർക്കാർ നോമിനിയുടെ നിയമനം സംബന്ധിച്ച വ്യവസ്ഥ.

19) വകുപ്പ് 32 : സംഘം ഭരണ സമിതികളെ സൂപ്പർസീഡ് ചെയ്യുന്നതിന്റെ നിബന്ധനകളിലുള്ള ഭേദഗതി.

20) വകുപ്പ് 33 : അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയെ നിയമിക്കുന്നതിനുള്ള കാരണങ്ങളിൽ സംഘത്തിന്റെ ഭരണ സ്തംഭനം ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ.

21) വകുപ്പ് 56 : സംഘങ്ങളുടെ ഓരോ വർഷത്തേയും അറ്റ ലാഭത്തിൽനിന്നും 10% തുക കോ-ഓപ്പറേറ്റീവ് മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് വക മാറ്റുന്നത് സംബന്ധിച്ച്.

22) വകുപ്പ് 57 : നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ.

23) വകുപ്പ് 57 ഡി : സഹകരണ റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ.

24) വകുപ്പ് 63 : ആഡിറ്റ് നടത്തുന്നതിന് സംഘം ഭരണ സമിതിക്കുള്ള ഉത്തരവാദിത്വം, ആഡിറ്റ് നടത്തേണ്ട സമയ പരിധി, ആഡിറ്റർമാരുടെ നിയമനം, യോഗ്യത, ആഡിറ്റിന്റെ നടപടിക്രമം, ആഡിറ്റ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ.

25) വകുപ്പ് 64 : സംഘത്തിന്റെ വാർഷിക കണക്കുകളും സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നത് ആഡിറ്റിന് സമർപ്പിക്കുന്നത്, ആഡിറ്റ് പൂർത്തിയാക്കുന്നത്, ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ.

26) വകുപ്പ് 65 : വകുപ്പ് 65 പ്രകാരം നടത്തുന്ന അന്വേഷണത്തിന് സമയപരിധി നിശ്ചയിച്ചു കൊണ്ടുള്ള വ്യവസ്ഥ

27) വകുപ്പ് 66 സി : വാർഷിക റിട്ടേൺഫയൽ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ.

28) വകുപ്പ് 69 : എല്ലാ ധനപരമായ തർക്കങ്ങളും ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി നിശ്ചയിച്ചു കൊണ്ടുള്ള വ്യവസ്ഥ.

29) വകുപ്പ് 69 എ : സഹകരണ ഓംബുഡ്സ്മാന്റെ പരിചയം സംബന്ധിച്ചുള്ള വ്യവസ്ഥ.

30) വകുപ്പ് 74 എ : എല്ലാ ക്രെഡിറ്റ് സംഘങ്ങൾക്കും ശാഖ ആരംഭിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി വേണമെന്ന വ്യവസ്ഥ.

31) വകുപ്പ് 79 : വകുപ്പ് 79 ൽ സർക്കാരിലേക്കുള്ള കുടിശ്ശികയായുള്ള തുക ഈടാക്കുന്നതിന് ആഡിറ്റ് ഡയറക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

32) വകുപ്പ് 80 : വകുപ്പ് 80 പ്രകാരം സംഘം ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ നിശ്ചയിക്കുന്നതോ മാറ്റം വരുത്തുകയോ ചെയ്യുന്നതു കൂടാതെ സംഘം ജീവനക്കാരുടെ പ്രതിഫലം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുടെ മാക്സിമവും മിനിമവും നിർണ്ണയിക്കുന്നതിനും, മാറ്റം വരുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ.

33) വകുപ്പ് 88 ബി : സർക്കിൾ സഹകരണ യൂണിയൻ രൂപീകരിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു ആഫീസറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ.

34) വകുപ്പ് 88 സി: അവിശ്വാസ പ്രമേയം പാസാക്കുന്ന സാഹചര്യത്തിൽ ചെയർമാൻ, കമ്മിറ്റിയിലെ ഏതെങ്കിലും ആഫീസർ എന്നിവരെ നീക്കം ചെയ്യുന്നത് സംബന്ധിച്ച്.

35) വകുപ്പ് 89 ബി: സംസ്ഥാന സഹകരണ യൂണിയനിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാൻ കഴിയാതെ വരുമ്പോൾ ആഫീസർമാരെയോ കമ്മിറ്റിയോ നിയമിക്കുന്നതിലുള്ള വ്യവസ്ഥ.

36) 89 സി: സംസ്ഥാന സഹകരണ യൂണിയന്റെ ചെയർമാൻ/വൈസ്ചെയർമാൻ/മറ്റ് ആഫീസർ എന്നിവരെ അവിശ്വാസ പ്രമേയം പാസാക്കുകയാണെങ്കിൽ നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥ.

37) വകുപ്പ് 94: സംഘത്തിന്റെ കണക്കുകൾ, ബുക്കുകൾ, രജിസ്റ്ററുകൾ തുടങ്ങിയ രേഖകൾ അധികാരപ്പെടുത്തിയ ആൾക്ക് കൈമാറുന്നതിലെ വീഴ്ച, തിരഞ്ഞെടുപ്പ് നടപടിയിൽ അഴിമതി നടത്തുക തുടങ്ങിയ കുറ്റങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ.

(സി) സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് ചുവടെ ചേർക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വാർഷിക പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 2011–12 വർഷത്തിൽ 7 സംഘങ്ങൾക്കായി 80.48 ലക്ഷം രൂപയും, 2012–13 വർഷത്തിൽ 18 സംഘങ്ങൾക്കായി 168.73 ലക്ഷം രൂപയും, 2013–14 വർഷത്തിൽ നാളിതുവരെയായി 9 സംഘങ്ങൾക്കായി 107.38 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കേപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരും ഓരോ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി 2011–12 വർഷത്തിൽ 4 കോടി രൂപയും, 2012–13 വർഷത്തിൽ 5 കോടി രൂപയും അനുവദിച്ചു നൽകുകയും, 2013–14 വർഷത്തിൽ 7 കോടി രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

4 കൊപ്ര സംസ്കരണ യൂണിറ്റുകൾ, ഒരു നെല്ല് സംസ്കരണ സംഘത്തിന്റെ പുനരുദ്ധാരണ പദ്ധതി, അരി സംസ്കരണത്തിനുള്ള ഒരു മില്ല് എന്നിവ ആരംഭിച്ചു.

എൻ.സി.ഡി.സി ധനസഹായത്തോടെ ഗ്രാമ പ്രദേശങ്ങളിൽ 20 ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 17 സംഘങ്ങൾക്ക് 173 ലക്ഷം രൂപ 2012–13 വർഷത്തിൽ അനുവദിച്ചു.

പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിൽ 'ആയുർധാര' മരുന്ന് നിർമ്മാണ യൂണിറ്റ് പുനരുദ്ധീകരിച്ചു.

പരിയാരം മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെഫ്റോളജി & യൂറോളജിക്കൽ സയൻസ് സ്ഥാപിക്കുന്നതിനായി വാർഷിക പദ്ധതി ധനസഹായമായി 2 കോടി രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ